Adjournment Motion

Bus accident at Bharananganom

മി. സ്പീക്കർ: ഇന്നലെ വൈകുന്നേരം 8 മണിയോടുകൂടി പി. ടി. എം. എസ്. മോട്ടോർ കമ്പനി വക ഒരു പ്രൈവറ്റ് ബസ് ഭരണങ്ങാനം എന്ന സ്ഥലത്തു കൂടിയിരുന്ന ഒരു ജനക്കൂട്ടത്തിനിടയിലേയ്ക്കു പാഞ്ഞുകയറിയതിന്റെ ഫലമായി 14 പേർ കൊല്ലപ്പെടുകയും 21 പേർക്ക് മുറിവുകളേറ്റ് ആശുപത്രിയിൽ ആക്കപ്പെടുകയും ചെയ്തിരിക്കുന്നതിനെത്തുടർന്നുള്ള ഗുരുതരാവസ്ഥയെക്കുറിച്ചു ചർച്ച ചെയ്യുന്നതിന് ഇന്നലെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട ജെ. എ. ചാക്കോ റൂൾ 49 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. 9 a.m.]

ആഭ്യന്തരവും വിദ്യാഭ്യാസവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഇന്നലെ അർദ്ധരാത്രിയോടുകൂടി ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി എന്നെ വിളിച്ച് വളരെ നിർഭാഗ്യകരമായ ഈ അത്യാഹിതത്തെസംബന്ധിച്ച് സംസാരിക്കുകയുണ്ടായി. ഒരു മതപരമായ ഘോഷയാത്ര നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ബസ് തട്ടി— ഇപ്പോൾ ഒടുവിൽ കിട്ടിയ കണക്കുപ്രകാരം 16 പേർ ആണെന്നാണ് തോന്നുന്നത്—മരണമടഞ്ഞു എന്നാണ് മനസിലാക്കുന്നത്. സർ, ശ്രീ. ജോർജ് പറഞ്ഞ വിവരമല്ലാതെ അതിനെസംബന്ധിച്ച ഔദ്യോഗികമായ വിവരങ്ങളൊന്നും എനിക്കു കിട്ടിയിട്ടില്ല. പക്ഷേ ഇപ്പോൾ അനൗദ്യോഗികമായി കിട്ടിയ വാർത്തകളിൽ നിന്ന് 16 പേർ മരണമടഞ്ഞു എന്നു മനസ്സിലായിട്ടുണ്ട്. ഇത് വളരെ ഗൗരവമായ ഒരു സംഭവമാണ്. ഇതേസംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടികൾ ചെയ്യേണ്ടതുണ്ടെങ്കിൽ തീർച്ചയായും ചെയ്യുന്നതാണ്. ഈ സംഭവസ്ഥലത്തു ചെന്ന് വിവരം നേരിട്ടു പഠിക്കാൻവേണ്ടി ഗവൺമെന്റിന്റെ ഒരു പ്രതിനിധിയും എന്റെ സഹപ്രവർത്തകനുമായ ശ്രീ. ജോർജ് ഇന്നലെ അർദ്ധരാത്രിതന്നെ അവിടേയ്ക്കു തിരിച്ചിട്ടുണ്ട്. അദ്ദേഹത്തിൽനിന്നും വിവരം ലഭിച്ച ഉടൻതന്നെ അതനുസരിച്ച് എന്തെങ്കിലും നടപടികൾ ചെയ്യേണ്ടതുണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ചെയ്യുന്നതാണെന്നു സഭയെ ഞാൻ അറിയിക്കുകയാണ്.

അതിനുപുറമേ ജനങ്ങളുടെയിടയിൽ ഒരു പ്രക്ഷുബ്ധാവസ്ഥയുണ്ടെന്ന് ശ്രീ. ചാക്കോയുടെ നോട്ടീസിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. പ്രക്ഷുബ്ധാവസ്ഥ നിലവിലുള്ള സ്ഥിതിക്ക് സമാധാനലംഘനം ഉണ്ടാകാതിരിക്കാനുള്ള നടപടികളും ഗവൺമെന്റ് എടുക്കുന്നതാണ്.

ശ്രീ. ജെ. എ. ചാക്കോ: അതുമാത്രവുമല്ല, ഏതാനും വർഷങ്ങൾക്കു മുൻപ് ചേറുപുഴയിൽ നടന്ന ബസ്സപകടത്തിനുശേഷം ഇത്രയും ഭാരുണമായ ഒരു ബസ്സപകടവും ജനമരണവും നമ്മുടെ രാജ്യത്തു ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇതിന്റെ കാര്യകാരണങ്ങളെസംബന്ധിച്ച് സമഗ്രമായി ഒരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. എങ്കിൽ മാത്രമേ ജനങ്ങളിലുണ്ടായിരിക്കുന്ന ഇന്നത്തെ വികാരങ്ങൾക്കു ശമനം വരുത്തുന്നതിനും സാധിക്കുകയുള്ളൂ. എങ്ങനെയാണ് ഈ സംഭവമുണ്ടായതെന്നും മേലാൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും.....

Mr. Speaker: Anyway I would like the hon. Transport Minister to make a statement when he returns tomorrow.

LIBRARY ARCHIVES Kerala Legislative Assembly